# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2583** **10/12/2014-ൽ മറുപടിക്ക്**

## സുകൃതം പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ.പി.കെ.ബഷീർ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സുകൃതം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്നതായാണ് ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ച് വരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും, സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർ കൊണ്ടുള്ള മരണനിരക്ക് വർദ്ധിപ്പിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് കാൻസർ രോഗ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യ ഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. തിരുവനന്തപുരം ആർ.സി.സി., തലശ്ശേരി മലബാർ കാൻസർ സെന്റർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിലായിരിക്കും സുകൃതം പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കുക. ഇതിനായി സ.ഉ.(ആർ.റ്റി.) 3530/2014/ ആ.ക.വ. തീയതി 29/10/2014 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള കാൻസർ കെയർ സൊസൈറ്റി എന്ന സംഘടന രൂപീകരിക്കുകയും, സുകൃതം പദ്ധതിയ്ക്കായുള്ള ധനവിനിയോഗങ്ങൾ ടി സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൂടുതൽ സ്ഥാപനങ്ങളിലേക്ക് ഈ പദ്ധതി വ്യാപിക്കുന്നതിനും കൂടുതൽ ജനവിഭാഗങ്ങൾക്ക് ഇതിന് പ്രയോജനം എത്തിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടി വരുന്നതിനാൽ ആദ്യഘട്ടത്തിൽ ഇത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായിരിക്കും ലഭ്യമാക്കുക. ബി.പി.എൽ. കാർഡ് ഉടമകൾ RSBY, CHIS, CHIS Plus കാർഡ് ഉടമകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ വരുമാന സർട്ടിഫിക്കറ്റ് ഉള്ളവർ ആദ്യഘട്ടത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി വരും. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ